"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - LID&EW - ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. രശ്മിരാജ്. പി. ആർ [PEN No.698473] -ന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.66/2025/LSGD തീയതി,തിരുവനന്തപുരം, 07-01-2025

---

പരാമർശം:-

1. 01.10.2021 തീയതിയിലെ സ.ഉ(സാധാ)നം.1892/2021/തസ്വഭവ നമ്പർ ഉത്തരവ്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.12.2024-ലെ LSGD / PD / 69412 / 2023 - DEH2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം(1) ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം മുഖേന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ 06.10.2021 തീയതി അപരാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി. രശ്മി രാജ്. പി. ആർ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന 28 ദിവസത്തെ അവധികൾ ഉപയുക്തമാക്കിയിട്ടുള്ളതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലമായ ആറ് മാസം 04.05.2022 തീയതി അപരാഹ്നത്തിലാണ് പൂർത്തീകരിച്ചിരുന്നത്. ടിയാളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്ന് കണ്ണൂർ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയും ടിയാളുടെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(2) പ്രകാരം ശിപാർശ സമർപ്പിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. രശ്മിരാജ്. പി.ആർ -ന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്

എഞ്ചിനീയർ തസ്തികയിലെ പ്രൊബേഷൻ കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 20(ബി) പ്രകാരം 05.05.2022 പൂർവാഹനത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ ഓഡിറ്റ്) തൃശ്ശൂർ
4. ശ്രീമതി. രശ്മി രാജ്. പി. ആർ , അസി.എക്സി.എഞ്ചിനീയർ (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

**Signed by Keerthi I P**
**Date: 08-01-2025 11:38:33**
സെക്ഷൻ ഓഫീസർ